നിങ്ങൾക്ക് ഇഷ്ടമുള്ള ഭക്ഷണവും പാനീയവും ലഭിക്കുന്ന സ്ഥിതിയിലാണല്ലോ നിങ്ങൾ? എന്നാൽ നിങ്ങളുടെ നബിയെ -ﷺ- ഞാൻ കണ്ടിട്ടുണ്ട് ; വയറ് നിറയ്ക്കാൻ മോശം ഈന്തപ്പഴം പോലും അവിടുത്തേക്ക് ലഭിച്ചിരുന്നില്ല

നുഅ്മാൻ ബ്നു ബശീർ -رَضِيَ اللَّهُ عَنْهُ- നിവേദനം: നിങ്ങൾക്ക് ഇഷ്ടമുള്ള ഭക്ഷണവും പാനീയവും ലഭിക്കുന്ന സ്ഥിതിയിലാണല്ലോ നിങ്ങൾ? എന്നാൽ നിങ്ങളുടെ നബിയെ -ﷺ- ഞാൻ കണ്ടിട്ടുണ്ട് ; വയറ് നിറയ്ക്കാൻ മോശം ഈന്തപ്പഴം പോലും അവിടുത്തേക്ക് ലഭിച്ചിരുന്നില്ല .

[صحيح] [رواه مسلم]

നുഅ്മാൻ ഇബ്നു ബശീർ -رَضِـــــيَ اللَّـــــهُ عَنْـــــهُ- ജനങ്ങൾ ജീവിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കുന്നു. അവർക്ക് ഇഷ്ടമുള്ളത്ര ഭക്ഷണവും പാനീയവും എപ്പോഴും ലഭിച്ചു കൊണ്ടിരിക്കുന്നു ; എന്നാൽ നബി -ﷺ- യുടെ അവസ്ഥയാകട്ടെ, അവിടുത്തേക്ക് വിശപ്പടക്കാൻ മോശം ഈന്തപ്പഴം പോലും വയറു നിറയെ ലഭിച്ചിരുന്നില്ല.

http://www.sunnah.global/hadeeth/ml/show/4244